ലൂക്കാ 18 : 1 – 8

023 ആഗസ്റ്റ് 27

## വചനസന്ദേശം

**ഫാ. മാർട്ടിൻ കച്ചിറയ്ക്കൽ**

# കാലവിളംബം കൂടാതെ നീതി

കുടുംബാംഗങ്ങൾ ഒരുമിച്ച് പള്ളിത്തിരുന്നാളിനോ ഷോപ്പിങ് ഫെസ്റ്റിവൽ/എക്സിബിഷൻ പോലുള്ള പരിപാടികൾക്കോ ബീച്ചിലോ പാർക്കിലോ പോകുമ്പോൾ കുട്ടികളുടെ പ്രധാന ലക്ഷ്യം അവർക്കാവശ്യമായ കളിപ്പാട്ടങ്ങൾ, ഐസ്ക്രീം തുടങ്ങിയവ വാങ്ങിക്കുക എന്നതാണ്. അതുകൊണ്ട് പോകാൻ തയ്യാറെടുക്കുമ്പോൾ തന്നെ ഇന്ന കളിപ്പാട്ടം വേണം, ഇന്ന മിഠായി വേണമെന്നൊക്കെ കുട്ടികൾ പറയാൻ തുടങ്ങും. തിരുനാളിന് പള്ളിപ്പരിസരത്ത് ചുറ്റിത്തിരിയുന്ന സമയത്തും കുട്ടികൾ തങ്ങൾക്ക് ആവശ്യമായവ കൈനീട്ടി മാതാപിതാക്കന്മാരെ കാണിച്ചുകൊണ്ട് അത്, ഇത്, എന്നൊക്കെ പറയാൻ തുടങ്ങും. അപ്പനും അമ്മയും അത് വാങ്ങിച്ചു തരാൻ ഉദ്ദേശമില്ലെന്ന് തിരിച്ചറിയുമ്പോൾ കുട്ടികളുടെ രീതിയും മാറാൻ തുടങ്ങും. വാശിയാകും, പിന്നീട് കരച്ചിലാകും. അവസാനം വാങ്ങിച്ചുതരാതെ അവിടെ നിന്നും തിരിച്ചുപോകാൻ പറ്റാത്ത അവസ്ഥവരെ അവർ സൃഷ്ടിക്കും. ചിലപ്പോഴെങ്കിലും കുത്തിയിരുന്ന് വാശിപിടിക്കുന്ന കുട്ടികളെ പലയിടങ്ങളിലും നാം കാണാറുണ്ട്. ഒടുവിൽ കുട്ടികളുടെ വാശിക്കു മുമ്പിൽ കീഴടങ്ങി അവർ ആവശ്യപ്പട്ടത് വാങ്ങിക്കൊടുത്ത് വലിയൊരു പ്രശ്നം പരിഹരിച്ച സന്തോഷത്തിൽ നില്ക്കുന്ന രക്ഷിതാക്കളെയും നാം കണ്ടുമുട്ടാറുണ്ട്.

ദൈവത്തെ ഭയപ്പെടാത്ത, മനുഷ്യനെ മാനിക്കാത്ത നീതിരഹിതനായ ന്യായാധിപന്റെയും തന്റെ എതിരാളിക്കെതിരെ നീതി നടത്തിക്കിട്ടണമെന്ന് വാശിപിടിച്ച് അയാളുടെ പിന്നാലെ നടക്കുന്ന വിധവയുടെയും ഉപമയാണ് ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്ന് സൂചിപ്പിക്കാനായി ഈശോ പങ്കുവച്ചത്. ആരോടും അനുകമ്പ കാണിക്കാത്ത, കരുണയില്ലാത്ത, നീതി കാണിക്കാത്ത ഈ ന്യായാധിപൻ (ഇയാൾ എങ്ങനെ ന്യായാധിപനായി എന്നത് ഒരു ചോദ്യമാണ്) വിധവയുടെ ശല്യം ഒഴിവാക്കാനായി അവൾക്ക് നീതി നടത്തിക്കൊടുക്കുമെന്നാണ് ഉപമ പറയുന്നത്. അങ്ങനെയെങ്കിൽ നമ്മെ സൃഷ്ടിക്കുകയും അനുദിനം പരിപാലിക്കുകയും തലയിലെ ഓരോ മുടിയിഴപോലും എണ്ണിത്തിട്ടപ്പെടുത്തുകയും ചെയ്യുന്ന (മത്താ. 10:30), ചോദിക്കുന്നതിനുമുമ്പുതന്നെ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന (മത്താ. 6:8) ദൈവം തന്നെ വിളിച്ചുകരയുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് കാലവിളംബം കൂടാതെ നീതി നടത്തിക്കൊടുക്കും എന്നാണ് ഈശോ പ്രഖ്യാപിക്കുന്നത്. വിധവ കൂടെക്കൂടെ വന്ന് ന്യായാധിപനെ ശല്യപ്പെടുത്തുന്നതുപോലെ രാവും പകലും പ്രാർത്ഥനയിലൂടെ ദൈവസന്നിധിയിലേക്ക് നമ്മുടെ ചിന്തകളെ ഉയർത്താൻ നമുക്കും പരിശ്രമിക്കാം.

ഈ സുവിശേഷ ഭാഗം ധ്യാനിക്കുമ്പോൾ, നാം നടത്തുന്ന പല പ്രാർത്ഥനകൾക്കും ഉത്തരം കിട്ടാറില്ലല്ലോ, പ്രാർത്ഥിച്ചതുപോലെ നടന്നില്ലല്ലോ എന്നൊ ക്കെ പലരും ചിന്തിക്കാൻ സാധ്യതയുണ്ട്. ഇവിടെ ഈശോ രണ്ട് വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. നീതി നടത്തിക്കൊടുക്കും, കാലവിളബം കൂടാതെ. ഇവയെ വിശകലനം ചെയ്ത് നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം.

**നീതി നടത്തിക്കൊടുക്കും:** ദൈവം നീതിമാനായ ന്യായാധിപനാണെന്ന് സങ്കീർത്തകൻ (സങ്കീ. 7:11) പറയുന്നു. ദൈവം എല്ലാവർക്കും നീതിയായിട്ടുള്ളതും ശരിയായിട്ടുള്ളതുമാണ് നടത്തിത്തരിക. നമ്മുടെ സ്വാർത്ഥമോഹങ്ങൾ ദൈവതിരുമുമ്പിൽ ഒരിക്കലും സ്വീകാര്യമാകില്ല. അതുകൊണ്ടാണ് യാക്കോബ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നത്, ചോദിച്ചിട്ടും നിങ്ങൾക്കു ലഭിക്കുന്നില്ലെങ്കിൽ, അതു നിങ്ങളുടെ ദുരാശകളെ തൃപ്തിപ്പെടുത്താൻ നിങ്ങൾ തിൻമയായിട്ടുള്ളവ ചോദിക്കുന്നതുകൊണ്ടാണ് (യാക്കോ. 4:3). ആയതിനാൽ നമ്മുടെ ആഗ്രഹങ്ങളിലും പ്രാർത്ഥനാ നിയോഗങ്ങളിലും സ്വാർത്ഥത ഉണ്ടോയെന്ന് നമുക്ക് ആത്മപരിശോധന ചെയ്യാം.

**കാലവിളബം കൂടാതെ:** ആരംഭത്തിൽ സൂചിപ്പിച്ച കുട്ടികളുടെ ഉദാഹരണത്തിലേക്ക് വരാം. ചെറിയ കുട്ടികൾ തങ്ങളുടെ പ്രായത്തിനേക്കാളും വലിയ കളിപ്പാട്ടങ്ങളോ മറ്റു വസ്തുക്കളോ ആവശ്യപ്പെടുമ്പോൾ മാതാപിതാക്കന്മാർ അതിനെ നിരുത്സാഹപ്പെടുത്തുകയും അവർക്ക് ഉപയോഗിക്കാവുന്നവ മാത്രം വാങ്ങിച്ചുകൊടുക്കുകയുമാണ് ചെയ്യുക. കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ചുള്ള കാര്യങ്ങൾ മാതാപിതാക്കൾ നല്കുന്നതുപോലെ നമ്മുടെ ജീവിതത്തിനാവശ്യമായവ എപ്പോൾ, എങ്ങനെ

വേണമെന്ന് വ്യക്തമായി അറിയാവുന്നത് ദൈവത്തിനാണ്. കാരണം നമ്മുടെ ജീവിതത്തെ സമയ ത്തിന്റെ പരിധിയില്ലാതെ മുഴുവനുമായി കാണാൻ കഴിവുള്ളവനാണ് ദൈവം. അതുകൊ ണ്ടാണ് കാല വിളംബത്തെക്കുറിച്ച് പറയുമ്പോൾ പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നത്: കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾപോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത് (2 പത്രോ. 3:8). ആയതിനാൽ സമയത്തിന്റെ പൂർണ്ണതയിൽ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുമെന്നത് തീർച്ചയാണ്.

വിധവ തനിക്ക് നീതി നടത്തിക്കിട്ടുന്നതുവരെ ക്ഷമയോടെ കാത്തിരുന്നു. നമുക്കാവശ്യമായവ നല്കാൻ വെമ്പൽ കൊള്ളുന്ന ദൈവത്തിന്റെ മുമ്പിൽ ക്ഷമയോടെ, വിശ്വാസത്തോടെ, സ്ഥിരതയോടെ കാത്തിരി ക്കാൻ നമുക്കും പരിശ്രമിക്കാം. എ